പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 141. 14.12.2012 - ൽ മറുപടിക്ക്

സുരഭി രക്ഷാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.എൻ. പ്രതാപൻ :<br>ശ്രീ.കെ.മുരളീധരൻ :<br>ശ്രീ.എം.എ.വാഹീദ് :<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ: | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി ) |
| (എ) സുരഭി രക്ഷാപദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (എ) 13-ാം ധനകാര്യ കമ്മീഷൻ അവാർഡിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് സുരഭിരക്ഷാ പദ്ധതി. പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br>1. ശാസ്ത്രീയമായി കന്നുക്കുട്ടികളെ വളർത്തുന്നതിന് സഹായം നൽകുക.<br>2. ആറു മാസം പ്രായമാകുന്നത് വരെ കന്നുക്കുട്ടികൾക്ക് പ്രത്യേക കന്നുക്കുട്ടി തീറ്റ നൽകുക.<br>3. കന്നുക്കുട്ടികൾ ആദ്യ മദിലക്ഷണം കാണിക്കുന്ന പ്രായം 15 മാസത്തിൽ താഴെയാക്കുക.<br>4. കന്നുക്കുട്ടികളുടെ ആദ്യ പ്രസവ പ്രായം 24-26 മാസം പ്രായമായി കുറയ്ക്കുക.<br>5. പശുക്കളുടെ രണ്ട് പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക.<br>6. സങ്കര വർഗ്ഗത്തിൽപ്പെട്ട കന്നുക്കുട്ടികളുടെ ജനിതക ശേഷി പരമാവധി പ്രയോജനപ്പെടുത്തുക.<br>7. നിലവിലുള്ള കന്നുകാലി സമ്പത്തിനെ അത്യുൽപ്പാദന ശേഷിയുള്ള ഒരു പുതുതലമുറയായി മാറ്റുക. |

| | |
|---|---|
| (ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) പദ്ധതി നടപ്പിലാക്കുവാൻ സഹായിക്കുന്ന ഏജൻസികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. മൃഗസംരക്ഷണ വകുപ്പ് - കന്നുക്കുട്ടി മുതൽ പശു വരെയുള്ള എല്ലാ ഘട്ടത്തിലും ശാസ്ത്രീയ പരിപാലനത്തിനുള്ള സാങ്കേതിക സഹായം, തീറ്റ, മരുന്നുകൾ, വാക്സിനുകൾ, ഇൻഷ്വറൻസ് മുതലായവയുടെ സാമ്പത്തിക സഹായം.<br>2. തദ്ദേശസ്വയം ഭരണ സർക്കാരുകൾ -എല്ലാ ഘട്ടത്തിലും പദ്ധതിയുടെ മേൽനോട്ടം.<br>3. മിൽമ, കേരള ഫീഡ്സ് ലിമിറ്റഡ് - ആവശ്യമായ തീറ്റ നൽകുന്നു.<br>4. യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി - ഇൻഷ്വുറൻസ് സംരക്ഷണം നൽകുന്നു.<br>5. ക്ഷീരസഹകരണ സംഘങ്ങൾ - തീറ്റ സംഭരണം, വിതരണം ഇവ നടത്തുന്നു. |
| (സി) കന്നുകുട്ടികളുടെ സുരക്ഷയ്ക്കും ആരോഗ്യത്തിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ആസൂത്രണം ചെയ്തിരിക്കുന്നത്; | (സി) കന്നുക്കുട്ടികളുടെ സുരക്ഷയ്ക്കും ആരോഗ്യത്തിനുമായുള്ള ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ആറ് മാസം പ്രായം വരെ പ്രത്യേക കന്നുക്കുട്ടി തീറ്റ നൽകുന്നു.<br>2. ഏഴ് - മുപ്പത്തിരണ്ട് മാസം പ്രായം വരെ കാലിത്തീറ്റ നൽകുന്നു.<br>3.കൃത്യമായ സമയങ്ങളിൽ പ്രതിരോധ കുത്തിവയ്പുകൾ, വിര മരുന്നുകൾ, ആവശ്യമായ വിറ്റാമിൻ - ധാതു ലവണ മിശ്രിതം എന്നിവ നൽകുന്നു.<br>4. തീറ്റപ്പുല്ല് കൃഷി ചെയ്യുന്നതിന് കർഷകനെ പ്രോത്സാഹിപ്പിക്കുന്നു.<br>5. മൂന്നു മാസത്തിലൊരിക്കൽ വളർച്ചാ നിരക്ക്, തൂക്കം, ആരോഗ്യ നിലവാരം, ഗർഭധാരണം എന്നിവ പരിശോധിക്കുന്നു.<br>6. നാല്- മുപ്പത്തിരണ്ട് മാസം ഇൻഷ്വറൻസ് പരിരക്ഷ - മരണത്തിനും, സ്ഥിരമായ ഉൽപാദന നഷ്ടത്തിനും നൽകുന്നു. |
| (ഡി) കന്നുകുട്ടികളെ വളർത്തുന്ന കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് പദ്ധതിയനുസരിച്ച് നൽകുന്നത് ; വിശദമാക്കുമോ? | (ഡി) കന്നുക്കുട്ടികളെ വളർത്തുന്നതിനായി കർഷകർക്ക് ആകെ സബ്സിഡി 12500 രൂപയിൽ കവിയാതെ താഴെ പറയുന്ന സഹായങ്ങൾ നൽകുന്നു.<br>1. രണ്ട് മുതൽ ആറ് മാസം പ്രായം വരെ പ്രത്യേക കന്നുക്കുട്ടി തീറ്റ (കാഫ് സ്റ്റാർട്ടർ) പകുതി വിലയ്ക്ക് നൽകുന്നു.<br>2. ആറ് മുതൽ മുപ്പത്തിരണ്ട് മാസം പ്രായം വരെ കാലിത്തീറ്റ പകുതി വിലയ്ക്ക് |

സബ്സിഡി പരിധിയ്ക്ക് വിധേയമായി
നൽകുന്നു.
3. നാല് മുതൽ മുപ്പത്തിരണ്ട് മാസം പ്രായം വരെ കന്നുക്കുട്ടികളെ ഇൻഷ്വർ ചെയ്യുന്നതിന് പ്രീമിയത്തിന്റെ 50% നൽകുന്നു.
4. ശാസ്ത്രീയ കന്നുക്കുട്ടി പരിപാലനത്തിൽ പരിശീലന അലവൻസായി 100 രൂപ നൽകുന്നു.
5. പുൽകൃഷി ചെയ്യുന്നതിന് 29 രൂപ പുൽകടയ്ക്കുള്ള ധനസഹായം നൽകുന്നു.
6. കന്നുക്കുട്ടികൾക്കാവശ്യമായ മരുന്ന്, വിരമരുന്ന്, വാക്സിനുകൾ, വിറ്റാമിൻ -ധാതു ലവണ മിശ്രിതം മുതലായവയ്ക്കായി 500 രൂപ ധനസഹായം നൽകുന്നു.

സെക്ഷൻ ഓഫീസർ